REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- 76-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു വിരുന്ന് നൽകി.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ NCC വാർഷിക PM റാലിയെ അഭിസംബോധന ചെയ്യും.
- കടുവാ ഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ വയനാട്ടിലെ നാലിടങ്ങളിൽ രാവിലെ ആറ് മുതൽ 48 മണിക്കൂർ കർഫ്യൂ. വന്യമൃഗ ശല്യം രൂക്ഷമായ ജനവാസ പ്രദേശങ്ങളിൽ നിരീക്ഷണം ശക്തിപ്പെടുത്തുമെന്ന് മന്ത്രി AK ശശീന്ദ്രൻ.
- തിക്കോടി ഡ്രൈവ് ഇൻ ബീച്ചിൽ കടലിൽ കുളിക്കാനിറങ്ങിയ നാല് പേർ തിരയിൽപ്പെട്ട് മരിച്ചു.
- സംസ്ഥാനത്ത് റേഷൻ വ്യാപാരികൾ ഇന്ന് അനിശ്ചിത കാല സമരം ആരംഭിക്കും. ജനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ നിഷേധിച്ചു നടത്തുന്ന ഒരു സമരത്തെയും അംഗീകരിക്കാൻ കഴിയില്ലെന്ന് മന്ത്രി GR അനിൽ.
- കേരള പ്രീമിയർ ലീഗ് ഫുട്ബോൾ മത്സരത്തിന് ഇന്ന് തുടക്കം. മഞ്ചേരിയിൽ ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് , ഗോകുലം കേരള- യെ നേരിടും.

# വാർത്തകൾ വിശദമായി

76-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു 'അറ്റ് ഹോം' വിരുന്ന് നൽകി. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ പ്രമുഖർ വിരുന്നിൽ പങ്കെടുത്തു.

✪✪✪

റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ രാജ്ഭവനിൽ വിരുന്നൊരുക്കി.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി V. ശിവൻകുട്ടി, സ്പീക്കർ AN ഷംസീർ, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, ബിസിനസ് തുടങ്ങിയ മേഖലകളിലെ പ്രമുഖർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ വിരുന്നിൽ പങ്കെടുത്തു.

✪✪✪

റിപ്പബ്ലിക് ദിന പരേഡിലേക്ക് വിശിഷ്ടാതിഥികളായി തിരഞ്ഞെടുക്കപ്പെട്ട, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൻ കി ബാത്ത് പരിപാടിയുടെ പ്രത്യേക ക്ഷണിതാക്കളുമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ, മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ സംവദിച്ചു.

സമൂഹത്തിന് വേണ്ടി അക്ഷീണം യത്നിക്കുന്നവരെയണ് മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിക്കുന്നതെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. മോദി മൻ കി ബാത് പരിപാടിയിലൂടെ ജനങ്ങൾ ചെയ്യുന്ന പ്രചോദനാത്മകമായ പ്രവർത്തനങ്ങൾ പ്രചരിപ്പിച്ചതായി പിന്നീട് ആകാശവാണി വാർത്തകളോട് സംസാരിക്കവെ വൈഷ്ണവ് പറഞ്ഞു.

139 വിശിഷ്ടാതിഥികളാണ് ചടങ്ങിൽ പങ്കെടുത്തത്.

പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്ഗാൾ, ആകാശവാണി ഡയറക്ടർ ജനറൽ ഡോ.പ്രജ്ഞാ പലിവാൾ ഗൗർ, ദൂരദർശൻ ഡയറക്ടർ ജനറൽ കാഞ്ചൻ പ്രസാദ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

കർഷകരുടെ ശാക്തീകരണത്തിനും സമൃദ്ധിക്കും വേണ്ടി കേന്ദ്ര ഗവൺമെന്റ് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കാൻ ഗവൺമെന്റ് പ്രത്യേകം ക്ഷണിച്ച കർഷകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടെന്നും ചൗഹാൻ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ NCC വാർഷിക PM റാലിയെ അഭിസംബോധന ചെയ്യും. 'യുവശക്തി, വികസിത് ഭാരത്' എന്നതാണ് ഈ വർഷത്തെ NCC - PMറാലിയുടെ പ്രമേയം. റാലിയിൽ 800-ലധികം കേഡറ്റുകൾ സാംസ്കാരിക പരിപാടി അവതരിപ്പിക്കും. രാഷ്ട്രനിർമ്മാണത്തോടു NCCയുടെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരിക്കും പരിപാടികൾ. 18 സൗഹൃദ വിദേശ രാജ്യങ്ങളിലെ 144 യുവ കേഡറ്റുകളും റാലിയിൽ പങ്കാളികളാകും.

മേരാ യുവ ഭാരത്, വിദ്യാഭ്യാസ മന്ത്രാലയം, ഗോത്രകാര്യ മന്ത്രാലയം എന്നിവയിൽ നിന്ന് 650 ലധികം സന്നദ്ധ പ്രവർത്തകർ റാലിയിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

✪✪✪

കടുവാ ഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ വയനാട്ടിലെ നാലിടങ്ങളിൽ രാവിലെ ആറ് മുതൽ 48 മണിക്കൂർ കർഫ്യൂ പ്രഖ്യാപിച്ചു. മാനന്തവാടി നഗരസഭയിലെ പഞ്ചാരക്കൊല്ലി, മേലെ ചിറക്കര, പിലാക്കാവ് മൂന്ന്റോഡ്, മണിയൻകുന്ന് എന്നിവിടങ്ങളിലാണ് മറ്റന്നാൾ രാവിലെ ആറ് വരെ കർഫ്യൂ നീട്ടിയത്.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്...........

ഡിവിഷനുകളിലെ സ്കൂൾ, അങ്കണവാടി, മദ്രസ, ട്യൂഷൻ സെന്ററുകൾ എന്നിവ തുറന്ന് പ്രവർത്തിക്കാൻ പാടില്ലെന്ന് അധികൃതർ അറിയിച്ചു. കർഫ്യൂ പ്രഖ്യാപിച്ച ഡിവിഷനുകളിൽ നിന്നും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾ ഇന്നും നാളെയും സ്കൂളുകളിൽ ഹാജരാകേണ്ടതില്ല. PSC പരീക്ഷയ്ക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകൾക്കും അത്യാവശ്യമായി പോകണ്ടവർ ഡിവിഷനിലെ കൗൺസിലറുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. ജനങ്ങൾ പുറത്തിറങ്ങരുതെന്നും, കടകൾ അടച്ചിടണമെന്നും അറിയിപ്പിൽ പറയുന്നു. കർഫ്യൂ ഏർപ്പെടുത്തിയിരിയ്ക്കുന്ന സ്ഥലങ്ങളിൽ സഞ്ചാര വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

അതിനിടെ പുൽപ്പള്ളി കേളക്കവലയിൽ ഇന്നലെ വൈകിട്ട് കടുവയെ കണ്ടെന്ന് നാട്ടുകാർ അറിയിച്ചതിനെ തുടർന്ന് പ്രദേശത്ത് വനം വകുപ്പ് തെരച്ചിൽ നടത്തി.

✪✪✪

വന്യമൃഗ ശല്യം രൂക്ഷമായ ജനവാസ പ്രദേശങ്ങൾ ഹോട്ട്സ് പോട്ടാക്കി നിരീക്ഷണം ശക്തിപ്പെടുത്തുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. വയനാട് കളക്ടറേറ്റിൽ ചേർന്ന ഉന്നതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരിച്ചറിയാൻ അന്തർ സംസ്ഥാന ഫോഴ്സുകളുടെ സഹകരണത്തോടെ കൂട്ടായ നടപടി സ്വീകരിക്കുമെന്നും അന്തർ സംസ്ഥാന മന്ത്രിതല കൗൺസിൽ യോഗം അടിയന്തരമായി ചേരുമെന്നും മന്ത്രി പറഞ്ഞു. വന മേഖലയിലെ നിരീക്ഷണം വനം, പോലീസ്, സന്നദ്ധസേന വളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി ശക്തിപ്പെടുത്തും. പ്രശ്ന ബാധിത സ്ഥലങ്ങളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കാൻ പെരിയാർ കടുവാ സങ്കേതത്തിൽ നിന്നും നിരീക്ഷണ ക്യാമറകൾ എത്തിക്കുമെന്നും ശശീന്ദ്രൻ പറഞ്ഞു.

✪✪✪

കോഴിക്കോട് തിക്കോടി ഡ്രൈവ് ഇൻ ബീച്ചിൽ കടലിൽ കുളിക്കാനിറങ്ങിയ നാല് പേർ തിരയിൽപ്പെട്ട് മരിച്ചു. കൽപ്പറ്റ സ്വദേശികളായ ബിനീഷ്, വാണി, അനീസ, ഫൈസൽ എന്നിവരാണ് മരിച്ചത്.

ഇന്നലെ വൈകിട്ട് നാല് മണിയോടെയാണ് സംഭവം. കല്പറ്റയിലെ ഒരു ജിമ്മിൽ നിന്നും വിനോദ സഞ്ചാരത്തിന് എത്തിയ 26 അംഗ സംഘത്തിൽപെട്ട അഞ്ച് പേരാണ് തിരയിൽ പെട്ടത്. നാട്ടുകാരും മത്സ്യതൊഴിലാളികളും ചേർന്ന് ഒരാളെ രക്ഷപ്പെടുത്തി.

✪✪✪

കൊല്ലം പത്തനാപുരത്ത് കല്ലടയാറ്റിൽ ഒൻപതാം ക്ലാസുകാരൻ മുങ്ങിമരിച്ചു.

കുന്നിക്കോട് പച്ചില തുണ്ടുവിള മേലേതിൽ അഹദ് ആണ് മരിച്ചത്. കുന്നിക്കോട് APPMVHSS സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയാണ്.

✪✪✪

സംസ്ഥാനത്ത് റേഷൻ വ്യാപാരികൾ ഇന്ന് കടകൾ അടച്ച് അനിശ്ചിത കാല സമരം ആരംഭിക്കും. ശമ്പളപരിഷ്കരണം അടക്കം ആവശ്യങ്ങൾ ഉന്നയിച്ച് കോ ഓർഡിനേഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിലാണ് അനിശ്ചിതകാല കടയടപ്പ് സമരം. രണ്ട് തവണ വ്യാപാരികളുമായി ഗവൺമെന്റ് ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടു.

✪✪✪

റേഷൻ വ്യാപാരികൾ കടയടച്ചു നടത്തുന്ന അനിശ്ചിതകാല പണിമുടക്കിൽ നിന്നും പിൻമാറണമെന്ന് മന്ത്രി GR അനിൽ അഭ്യർത്ഥിച്ചു.

ജനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ നിഷേധിച്ചു നടത്തുന്ന ഒരു സമരത്തെയും ഗവൺമെന്റിന് അംഗീകരിക്കുവാൻ കഴിയില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് വ്യക്തമാക്കി. ജനങ്ങൾക്ക് മുടക്കം കൂടാതെ ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കുക എന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്.........

ഗവൺമെന്റ് വാതിൽപടി വിതരണം പൂർത്തിയാക്കുകയും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ തയ്യാറാവുകയും ചെയ്യുന്ന സാഹചര്യത്തിൽ, റേഷൻ വ്യാപാരികൾ അവ എത്തിക്കാൻ ബാധ്യസ്ഥരാണെന്ന് മന്ത്രി പറഞ്ഞു. അല്ലാത്ത പക്ഷം ഗുണഭോക്താവിന് അവർ ഭക്ഷ്യ സുരക്ഷാ അലവൻസ് നൽകേണ്ടിവരുമെന്നും മന്ത്രി ഓർമ്മപ്പെടുത്തി.

ഏതു വിധത്തിലും ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്നു മുതൽ പൊതുവിതരണ വകുപ്പിൽ മുഴുവൻ ഉദ്യോഗസ്ഥരും ഹാജരാകണമെന്നും സാഹചര്യം മനസ്സിലാക്കി പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് ആസ്ഥാനത്ത് കൺട്രോൾ റൂം തുറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സഹകരണ സ്ഥാപനങ്ങളുടേതും താൽകാലിക ലൈസൻസികളുടേതുമുൾപ്പെടെ 487 റേഷൻ കടകൾ ഇന്ന് തുറന്നു പ്രവർത്തിക്കുമെന്ന് GR അനിൽ പറഞ്ഞു.

✪✪✪

കേരളത്തിൽ ദേശീയപാത വികസനം ഈവർഷം ഡിസംബറിൽ യാഥാർഥ്യമാകുമെന്ന് മന്ത്രി PA. മുഹമ്മദ് റിയാസ് പറഞ്ഞു. നവീകരിച്ച കണ്ണൂർ കരേറ്റ-കാഞ്ഞിലേരി- കുണ്ടേരിപൊയിൽ-മാലൂർ റോഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ദേശീയപാതയിൽ പ്രവൃത്തി പൂർത്തിയായ ഭാഗങ്ങൾ അപ്പോൾ തന്നെ തുറന്നു കൊടുക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

കേരള ഫുട്ബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്ന കേരള പ്രീമിയർ ലീഗ് ഫുട്ബോൾ മത്സരം ഇന്ന് ആരംഭിക്കും. മഞ്ചേരിയിൽ വൈകീട്ട് 3.30 നു നടക്കുന്ന ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് FC, ഗോകുലം കേരള FC യെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ മുംബൈയിൽ, മുംബൈ സിറ്റി FC മറുപടിയില്ലാത്ത 3 ഗോളിന് മുഹമ്മദൻ SCയെ പരാജയ പ്പെടുത്തി. ഇന്ന് മോഹൻബഗാൻ, ബംഗളരു FCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

മലപ്പുറം കായിക മഹോത്സവം സമാപിച്ചു. പെരിന്തൽമണ്ണയിൽ നടന്ന സമാപന ചടങ്ങ് ജില്ലാ കളക്ടർ VR. വിനോദ് ഉദ്ഘാടനം ചെയ്തു.

മലപ്പുറത്തും പെരിന്തൽമണ്ണയിലുമായി 45 കായിക ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്. സമ്മാനദാനം നജീബ് കാന്തപുരം MLA നിർവഹിച്ചു.

✪✪✪

കണ്ണൂർ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച കണ്ണൂർ പുഷ്പോത്സവം ഇന്ന് സമാപിക്കും. വൈകീട്ട് നടക്കുന്ന സമാപനസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

..........വോയ്സ്..........

ഈ മാസം 16 ന് ആരംഭിച്ച പുഷ്പോത്സവത്തിൽ ഇതുവരെ രണ്ട് ലക്ഷത്തിലേറെ സന്ദർശകർ എത്തിയതായി സംഘാടകർ അറിയിച്ചു. 12,000 ചതുരശ്ര അടിയിൽ ഒരുക്കിയ ഡിസ്പ്ലേ ഇത്തവണത്തെ മുഖ്യ ആകർഷണമായിരുന്നു. വിവിധ മത്സര പരിപാടികളും ശ്രദ്ധേയമായിരുന്നു. വിവിധ കാർഷിക വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് നടത്തിയ സെമിനാർ യുവലമുറയിലെതുൾപ്പെടെ കാർഷിക മേഖലയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദന മേകുന്നതായിരുന്നു. ജില്ലയ്ക്കകത്തും പുറത്തു നിന്നുമുള്ള പുഷ്പ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വേദിയായി മാറുകയാണ് ഓരോ പുഷ്പോത്സവവും.

✪✪✪

പ്രശസ്ത സർജനും കോട്ടയം മെഡിക്കൽ കോളജിലെ ആദ്യ സൂപ്രണ്ടുമായ ഡോ. മാത്യു വർഗീസ് കുരുടാമണ്ണിൽ അന്തരിച്ചു. അദ്ദേഹത്തിന് 94 വയസ്സായിരുന്നു. ഡോ. മാത്യുവാണ് ലോകത്താദ്യമായി ട്രോപിക്കൽ കാൽകുലസ് ഓഫ് പാൻക്രിയാറ്റൈറ്റിസ് എന്ന രോഗാവസ്ഥയെപ്പറ്റി ശാസ്ത്രീയ പ്രബന്ധമവതരിപ്പിച്ചത്.

നാളെ വൈകിട്ട് മൂന്നിന് പത്തനംതിട്ട അയിരൂരിലെ ശാലോം മാർത്തോമ പള്ളിയിൽ ശുശ്രൂഷയ്ക്കു ശേഷം സംസ്കാരം നടക്കും.

✪✪✪

പ്രതിപക്ഷനേതാവ് VD സതീശൻ നയിക്കുന്ന UDF സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര കണ്ണൂർ ജില്ലയിൽ ഇന്ന് പുനരാരംഭിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് ആറളത്തും നാലിന് കൊട്ടിയൂരിലും യാത്ര എത്തിച്ചേരും. തുടർന്ന് വയനാട്ടിലേക്ക് പോകും.

✪✪✪

BJP കോഴിക്കോട് സിറ്റി ജില്ല അധ്യക്ഷനായി KP പ്രകാശ് ബാബുവും, നോർത്ത് ജില്ലാ പ്രസിഡന്റായി CR പ്രഫുൽ കൃഷ്ണനും, റൂറൽ ജില്ലാ അധ്യക്ഷനായി T. ദേവദാസും ഇന്ന് ചുമതലയേൽക്കും. കോഴിക്കോടും വടകരയിലും ബാലുശേരിയിലുമാണ് സ്ഥാനാരാഹോണ ചടങ്ങുകൾ.

✪✪✪

ഭാരതിയ ജനതാ പാർട്ടി സംഘടനാ പർവ്വം 2025 കണ്ണൂർ റവന്യു ജില്ലയെ കണ്ണൂർ സൌത്ത് എന്നും കണ്ണൂർ നോർത്ത് എന്നും രണ്ടായി വിഭജിച്ചു. കണ്ണൂർ സൗത്ത് ജില്ലാ അദ്ധ്യക്ഷനായി ബിജു എളക്കുഴിയെയും നോർത്ത് ജില്ലാ അദ്ധ്യക്ഷനായി KK. വിനോദ് കുമാറിനെയും തിരഞ്ഞെടുത്തു.

✪✪✪

ഉത്തരാഖണ്ഡിൽ ഇന്ന് മുതൽ ഏകീകൃത സിവിൽ കോഡ് നിലവിൽ വരും. രാജ്യത്ത് ആദ്യമായി ഉത്തരാഖണ്ഡിലാണ് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നത്. ഇതിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു. രാഷ്ട്രപതിയുടെ അനുമതിക്ക് ശേഷം കഴിഞ്ഞ വർഷം മാർച്ച് 12-നാണ് സംസ്ഥാനത്ത് ഏകീകൃത സിവിൽ കോഡ് നിയമം വിജ്ഞാപനം ചെയ്തത്.

✪✪✪

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual News Readers: സബിത ആനന്ദ്*
*DEO: സി കെ സുബോധ്*